MALAYALA MANORAMA - 22-03-2019

# ‘സിഫ്റ്റി’ന് ദേശീയ റഫറൻസ് ലാബ് പദവി

കൊച്ചി • മത്സ്യ രംഗത്തെ സാങ്കേതിക ഗവേഷണ സ്ഥാപനമായ സിഫ്റ്റിനെ രാജ്യത്തെ മത്സ്യ, മത്സ്യോൽപന്നങ്ങൾക്കുള്ള ഏക ദേശീയ റഫറൻസ് ലാബായി ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി (എഫ്എസ്എസ്എഐ) അംഗീകരിച്ചു.

ഇതോടെ സിഫ്റ്റിന് രാജ്യത്ത് രാജ്യാന്തര നിലവാരത്തിലുള്ള ഫുഡ് ടെസ്റ്റിങ് ലാബുകളുടെ ശൃംഖല സ്ഥാപിക്കുക, പരീക്ഷണ നിരീക്ഷണ കാര്യങ്ങൾക്കായുള്ള അംഗീകൃത നടപടി ക്രമങ്ങളും രീതികളും നിശ്ചയിക്കുക, മറ്റു ലാബുകളുടെ നിലവാരം വിലയിരുത്തുക എന്നിവ ചെയ്യാനാകും. സിഫ്റ്റ് എഫ്എസ്എസ്എഐയുമായി സഹകരിച്ചു മത്സ്യത്തിലെ രാസ, സൂക്ഷ്മാണു മാലിന്യ നിയന്ത്രണത്തിനുള്ള മാർഗനിർദേശം ആവിഷ്കരിക്കുകയാണെന്ന് ഡയറക്ടർ ഡോ. സി.എൻ. രവിശങ്കർ അറിയിച്ചു.